## 14 -ാം കേരള നിയമസഭ

## 22 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1107** **18-01-2021 - ൽ മറുപടിയ്ക്ക്**

## കോട്ടയ്ക്കൽ പുത്തൂർ-ചെനയ്ക്കൽ ബൈപ്പാസ് നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ പുത്തൂർ-ചെനയ്ക്കൽ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് മലപ്പുറം റവന്യൂ അധികൃതർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | കോട്ടയ്ക്കൽ-പുത്തൂർ ചെനയ്ക്കൽ ബൈപ്പാസ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് 11(1) പ്രസിദ്ധീകരിച്ചു. സർവ്വെ ജോലികൾ പൂർത്തീകരിച്ച് സ്കെച്ചും, അനുബന്ധ രേഖകളും സൂക്ഷമ പരിശോധനയ്ക്കായി ജില്ലാ സർവ്വെ സൂപ്രണ്ടിനു സമർപ്പിച്ചിട്ടുണ്ട്. ബി.വി.ആർ അംഗീകാരത്തിനായി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | സ്ഥലം ഏറ്റെടുക്കുന്നതിനും റോഡ് നിർമ്മാണത്തിനും വേണ്ടിയുള്ള തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എത്രയെന്നു വെളിപ്പെടുത്താമോ; പ്രസ്തുത തുക അനുവദിച്ചിട്ടുണ്ടോ; | (ബി) | സ്ഥലം ഏറ്റെടുക്കുന്നതിന് നഷ്ടപരിഹാരതുക 15,81,85,731.00 രൂപയാണ് റോഡ് നിർമ്മാണത്തിനായി കണക്കാക്കിയിട്ടുള്ള തുക 2175/- ലക്ഷം രൂപയാണ്. പരസ്യം, കണ്ടിജൻസി ചാർജ്ജ്, സോഷ്യൽ ഇമ്പാക്റ്റ് അസസ്സ്മെന്റ് തുടങ്ങിയവയ്ക്കായി 10 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. |
| (സി) | ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി വരുന്ന ഭരണപരമായ ചെലവുകൾ അനുവദിച്ചിട്ടുണ്ടോ; ആയത് എത്രയെന്ന് അറിയിക്കുമോ; | (സി) | ഈയിനത്തിൽ 50,000/- രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | റവന്യൂ വകുപ്പിന്റെ നടപടിയുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചിട്ടുള്ള വിവരങ്ങൾക്ക് മറുപടി ലഭ്യമായിട്ടുണ്ടോ; റോഡ് നിർമ്മാണത്തിനായിട്ടുള്ള ഫണ്ട് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് മറുപടി ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | 20.10.2020 ന് മലപ്പുറം കളക്ടറേറ്റിൽ ചേർന്ന യോഗത്തിൽ അൻപതു ലക്ഷം രൂപ എൽ.എ(ജനറൽ) തഹസിൽദാർ, തിരൂരിന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ടു. റോഡു നിർമ്മാണവുമായി ബന്ധപ്പെട്ട് 2175 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. |
| (ഇ) | സ്ഥലം ഏറ്റെടുക്കുന്നതിനു വേണ്ടിവരുന്ന തുക സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭിച്ച മറുപടിയുടെ പകർപ്പ് ലഭ്യമാക്കുമോ? | (ഇ) | സ്ഥലം ഏറ്റെടുക്കുന്നതിന് കണ്ടിജൻസി ചാർജ്ജ് ഇനത്തിൽ 50 ലക്ഷം രൂപയിൽ 50,000/- രൂപ റവന്യൂ അധികൃതർക്ക് ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾക്ക് 10 ലക്ഷം രൂപ അനുവദിക്കുന്നത് സംബന്ധിച്ച LOC പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ